# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

APCCF (FMIS) 1/10

പുറപ്പെടുവിക്കുന്നത്: കെ.ജി.മോഹൻലാൽ,ഐ.എഫ്.എസ്

വിഷയം:- വനം വകുപ്പ് - ജീവനക്കാര്യം - 01.07.2009 തീയതി കണക്കാക്കി തയ്യാറാക്കിയ സീനിയർ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.പി.കെ.പുഷ്പാകരന്റെ സ്ഥാനം താൽക്കാലികമായി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:-

1. ശ്രീ.പി.കെ.പുഷ്പാകരന്റെ 10.12.2012 തീയതിയായുള്ള ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ.
2. ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22.07.2009-ലെ ഇ5-17771/09 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ 01.07.09 തീയതി കണക്കാക്കിയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.07.2015-ലെ ഇ3-15820/15 നമ്പർ ഉത്തരവ്.
4. 03.03.2015-ലെ 14997/എഫ്2/2014/വനം നമ്പർ സർക്കാർ കത്ത്.

ACF (GIS) 1/10/15

## ഉത്തരവ് നമ്പർ ഇ5-1191/13 തീയതി 26/09/2015

ചാലക്കുടി വനം ഡിവിഷനു കീഴിൽ വെള്ളിക്കുളങ്ങര ഫോറസ്റ്റ് റെയിഞ്ചിൽ സീനിയർ ക്ലാർക്കായി വേസനമനുഷ്ഠിച്ചുവന്നിരുന്ന ശ്രീ.പി.കെ.പുഷ്പാകരൻ തന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിതിനുശേഷമുണ്ടായ സീനിയർ ക്ലാർക്കിന്റെ ആദ്യ ഒഴിവിൽ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 13(എ) പ്രകാരമുള്ള ആനുകൂല്യം നൽകി സീനിയർ ക്ലാർക്കായുള്ള സ്ഥാനക്കയറ്റത്തിന് മുൻകാല പ്രാബല്യം അനുവദിച്ച്, വനം വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ 01.07.2009 തീയതി കണക്കാക്കി സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ച താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ സ്ഥാനം പുന:ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വകുപ്പിൽ 04.04.1989-ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച ശ്രീ.പി.കെ.പുഷ്പാകരന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണ കാലം പൂർത്തിയായതായി പ്രഖ്യാപിക്കുവാൻ ആവശ്യമായ നിർബ്ബന്ധിത വകുപ്തല പരീക്ഷ വിജയിച്ച തീയതി കണക്കാക്കി തൃശ്ശൂർ (സെൻട്രൽ സർക്കിൾ) ഫോറസ്റ്റ് കൺസർവേറ്ററുടെ 31.10.2005-ലെ ഇ2-3910/04 നമ്പർ ഉത്തരവ് പ്രകാരം 19.01.2003 തീയതി പ്രാബല്യത്തിൽ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ക്ലാർക്ക് തസ്തികയിലെ നിരീക്ഷണ കാലം പൂർത്തിയായതായി പ്രഖ്യാപിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തീയതിക്കുശേഷം ഉണ്ടായ സീനിയർ ക്ലാർക്കിന്റെ ആദ്യ ഒഴിവിൽ ടിയാന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരുന്നു.

ശ്രീ.പി.കെ.പുഷ്പാകരൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻ എന്ന പരിഗണനയിൽ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 13(എ) പ്രകാരമുള്ള ആനുകൂല്യത്തിനു അർഹതയുണ്ട്. ആയതിനാൽ ടിയാന്റെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച 19.01.2003 തീയതിക്കു ശേഷമുള്ള സീനിയർ ക്ലാർക്കിന്റെ ആദ്യ ഒഴിവ് കണക്കാക്കി സൂചന (2) സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 135 ആയി സ്ഥാനം നിശ്ചയിച്ച ശ്രീ.കെ.ആർ.രാജീവിനു സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ പ്രാബല്യ തീയതിയായ 03.04.2003 തീയതി പ്രാബല്യത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരൻ എന്ന പരിഗണന നൽകി കെ.എസ്.&എസ്.എസ്.ആർ. ചട്ടം 13(എ) പ്രകാരം സീനിയർ ക്ലാർക്കായുള്ള സ്ഥാനക്കയറ്റത്തിനു നേടേണ്ടിയിരുന്ന വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ താത്ക്കാലിക ഇളവു നൽകി ശ്രീ.പി.കെ.പുഷ്പാകരന് നോഷണലായി മുൻകാലപ്രാബല്യത്തിൽ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിക്കൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 01.07.2009 തീയതി കണക്കാക്കിയുള്ള സീനിയർ ക്ലാർക്കുമാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ (134) ശ്രീ.കെ.ധർമ്മരാജിനും ക്രമ നമ്പർ (135) ശ്രീ.കെ.ആർ.രാജീവനും മദ്ധ്യേ ക്രമ നമ്പർ (134 എ) ആയി ശ്രീ.പി.കെ. പുഷ്പാകരന്റെ സ്ഥാനം താൽക്കാലികമായി നിശ്ചയിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ തീരുമാനത്തിനെതിരെ പരാതിയോ, ആക്ഷേപമോ ഉണ്ടെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ വ്യക്തമായി രേഖകൾ സഹിതം ഓഫീസ് മേലധികാരി മുഖേന പരാതി സമർപ്പിക്കേണ്ടതാണെന്നും നിശ്ചിത സമയത്തിനുള്ളിൽ വ്യക്തമായ പരാതികൾ ഒന്നും ലഭിക്കാത്തപക്ഷം മേൽ തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കുമെന്നും അറിയിക്കുന്നു.

കെ.ജി.മോഹൻലാൽ, ഐ.എഫ്.എസ്.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം)

ശ്രീ.പി.കെ.പുഷ്പാകരൻ
(ഓഫീസ് മേലധികാരി മുഖേന)

**പകർപ്പ് :**

1. എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും അയയ്ക്കുന്നു. ടി ഉത്തരവ് ബന്ധപ്പെട്ടവർക്ക് നൽകി കൈപ്പറ്റ് ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണെന്നും അറിയിക്കുന്നു.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(എഫ്.എം.ഐ.എസ്.)ക്ക് വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.
3. പകർപ്പ് ഇ3 - സെക്ഷന് തുടർ നടപടികൾക്കായി നൽകുന്നു.

*C:\Santha-2015\CCF(A)\Pro.M\E5-1191-13 dt 21.7.15.doc*